പ്രൊഫ: സാവിത്രി ലക്ഷ്മണൻ : സ്വാതന്ത്ര്യ സമരസേനാനികൾക്ക് പെൻഷൻ കൂടാതെ നൽകുന്ന മറ്റു ആനുകൂല്യങ്ങളെക്കുറിച്ച് ഇവിടെ പറയുകുണ്ടായി. സംസ്ഥാന സർക്കാർ പെൻഷൻ നൽകുന്ന സ്വാതന്ത്ര്യ സമരസേനാനികളിൽ കേന്ദ്രഗവൺമെന്റിന്റെ പെൻഷന് അപേക്ഷിച്ചവരിൽ എത്ര പേർക്കു കൂടി പെൻഷൻ കിട്ടുന്നതിന് ഫയൽ കെട്ടിക്കിടപ്പുണ്ടെന്ന് പറയാൻ കഴിയുമോ ?

ശ്രീ. ഇ. കെ. നായനാർ : ഇക്കാര്യം ചോദ്യത്തിലില്ലല്ലോ. ഇതിൽ രണ്ടു ചോദ്യം മാത്രമേ ഉള്ളൂ. മക്കൾക്കു ജോലി നൽകുമോ ? ഇല്ല. ഇല്ലെങ്കിൽ പരിഗണിക്കുമോ ? തീർന്നു. കേന്ദ്രത്തെപ്പറ്റി ഇതിൽ ഒന്നുമില്ല. ഇവിടെ ചോദ്യമുള്ളത് ഇവരുടെ മക്കൾക്ക് സർക്കാർ ജോലി നൽകുന്നതിൽ എന്തെങ്കിലും മുൻഗണന നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ എന്നാണ്. ഇല്ല എന്ന് പറഞ്ഞാൽ പിന്നെ തീർന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഈ ഗവൺമെന്റാണ് സ്വാതന്ത്ര്യ സമരസേനാനികളുടെ സ്റ്റേറ്റ് പെൻഷൻ ആയിരം രൂപയിൽനിന്നും രണ്ടായിരം രൂപയായും പിന്നീട് മൂവായിരം രൂപയായും വർദ്ധിപ്പിച്ചത്. അതുപോലെ അവരുടെ നിരവധി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചത് നായനാർ സർക്കാരാണ്. അതിന്റെ നന്ദി കേരളത്തിലെ സ്വാതന്ത്ര്യ സമരസേനാനികൾക്കും അവരുടെ കുടുംബങ്ങൾക്കും ഉണ്ട്. രണ്ടായിരം രൂപ മൂവായിരം രൂപയായി വർദ്ധിപ്പിച്ചത് ചില സ്ഥലങ്ങളിൽ വിതരണം ചെയ്യാൻ കഴിഞ്ഞെങ്കിലും എ.ജി. യുടെ ഓഫീസിൽ നിന്നും ഉള്ള 'നോ ഒബ്ജക്ഷന്റെ' അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ല ഉൾപ്പെടെയുള്ള ചില സ്ഥലങ്ങളിൽ അത് കിട്ടിയില്ല. ആ മൂവായിരം രൂപ എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : വർദ്ധിപ്പിച്ച പെൻഷൻ മൂവായിരമാണല്ലോ ? അത് നിലവിലുള്ള പെൻഷന്റെ 50 ശതമാനത്തോളമുള്ള വർദ്ധനവായതിനാൽ ന്യൂ സർവ്വീസ് നടപടിക്രമത്തിന് വിധേയമായി മാത്രമേ ഇനി വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്ന് ധനകാര്യവകുപ്പ് അറിയിച്ചിരിക്കുകയാണ്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് സഹായം യഥാസമയം ലഭിക്കുന്നില്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് തക്ക സമയത്ത് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : നടപടി സ്വീകരിക്കാം.

ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയാൻ നടപടി

2 (*287) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കൾ, മറ്റു നിത്യോപയോഗ സാധനങ്ങൾ എന്നിവയിൽ മായം ചേർത്ത് വിൽപ്പന നടത്തുന്ന പ്രവണത തടയുന്നതിനും അന്വേഷണത്തിലും പരിശോധനയിലും കുറ്റക്കാരെന്ന് കാണുന്നവരെ ശിക്ഷിക്കുന്നതിനും ഇന്നുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) കമ്പോളത്തിലെ കിടമൽസരമാണ് ഇത്തരം പ്രവണതയ്ക്ക് കാരണമായിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം പ്രവണത കർശനമായി തടയുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിന് നിലവിലുള്ള നിയമം എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഹോട്ടലുകളിൽ പഴകിയതും ആരോഗ്യത്തിന് ഹാനികരവുമായ ആഹാര സാധനങ്ങൾ വിൽക്കുന്നത് തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ;

(എഫ്) മായംചേർത്ത ആഹാര സാധനങ്ങൾ പരിശോധിക്കുന്നതിനുള്ള ലാബുകളിൽ പരിശോധനാ സംവിധാനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇതു പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ ;

(ജി) ആഹാര സാധനങ്ങളിൽ മായം ചേർക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തിവരുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) സംസ്ഥാനത്ത് ആഹാര സാധനങ്ങളിൽ മായം ചേർക്കുന്നത് ഫലപ്രദമായി തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന 3 ലാബോറട്ടറികളിലാണ് മായം ചേർക്കൽ നിരോധന നിയമം അനുസരിച്ച് പരിശോധനകൾ നടത്തുന്നത്. പരിശോധനയിൽ മായം ചേർത്തതും ഗുണനിലവാരം ഇല്ലാത്തതുമായ ഭക്ഷ്യവസ്തുക്കളാണെന്ന് തെളിഞ്ഞാൽ വിൽപ്പന നടത്തുന്നവർക്കെതിരേയും ഉൽപ്പാദകർക്കെതിരേയും സ്റ്റോക്കിസ്റ്റുകൾക്കെതിരേയും മായം ചേർക്കൽ നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി&സി) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിനും ഇത്തരം ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്നവരെ ശിക്ഷിക്കുന്നതിനും ചട്ടങ്ങളും നിയമങ്ങളും നിലവിലുണ്ട്. മായം ചേർക്കലിനെപ്പറ്റി എന്തെങ്കിലും പരാതികൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടുകഴിഞ്ഞാൽ ഫുഡ് ഇൻസ്പെക്ടർമാരോ, മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരോ പ്രധാന നഗരങ്ങളിലെ മൊബൈൽ വിജിലൻസ് സ്കാഡോ അവരുടെ അധികാര പരിധിൽപ്പെടുന്ന സ്ഥലങ്ങൾ സന്ദർശിച്ച് ആഹാര സാധനങ്ങളുടെ സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും പ്രഥമദൃഷ്ട്യാ മായം ചേർത്തതായി സംശയം തോന്നിയാൽ ഇത്തരം ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന നിരോധിക്കുകയും ചെയ്യുന്നു. ലബോറട്ടറി പരിശോധനയിൽ മായം ചേർത്തതായി തെളിഞ്ഞുകഴിഞ്ഞാൽ ബന്ധപ്പെട്ടവർ പ്രോസിക്യൂഷൻ നടപടി കൈക്കൊള്ളുന്നതാണ്.

(ഡി) ഭക്ഷ്യ മായം ചേർക്കൽ നിയമം 1954, ഭക്ഷ്യ നിയമമായം ചേർക്കൽ നിരോധനച്ചട്ടം നിയമം 1955, കേരള ഭക്ഷ്യ മായം ചേർക്കൽ നിരോധന ചട്ടം 1957 എന്നിവയാണ് നിലവിലുള്ള നിയമങ്ങൾ. ഈ നിയമവും ചട്ടങ്ങളും അനുസരിച്ച് മനുഷ്യന് ഭക്ഷ്യയോഗ്യമല്ലാത്ത രീതിയിലും ഗുണ നിലവാരം ഉറപ്പു വരുത്താത്ത തരത്തിലും ആരോഗ്യത്തിന് ഹാനികരവും മായം ചേർത്തതുമായ ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നവരെ ശിക്ഷിക്കാൻ വ്യവസ്ഥയുണ്ട്.

(ഇ) ആരോഗ്യത്തിന് ഹാനികരമായ ആഹാര സാധനങ്ങൾ വിൽക്കുന്നത് തടയുന്നത് സംബന്ധിച്ച ചുമതല പ്രധാനമായും നിർവ്വഹിക്കുന്നത് കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയിലെ ഫുഡ് ഇൻസ്പെക്ടർമാരും, ഗ്രാമ പ്രദേശങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുമാണ്, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സ്ഥലം സന്ദർശിച്ച് ആഹാര സാധനങ്ങൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും പ്രഥമദൃഷ്ട്യാ മായം ചേർത്തതായി സംശയം തോന്നിയാൽ ആ ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന നിരോധിക്കുകയും ചെയ്യുന്നു. മായം ചേർത്തതായി തെളിഞ്ഞു കഴിഞ്ഞാൽ ബന്ധപ്പെട്ടവർ പ്രോസിക്യൂഷൻ നടപടി കൈക്കൊള്ളുന്നതാണ്.

(എഫ്) ഇല്ല, മായം ചേർത്ത ആഹാര സാധനങ്ങൾ പരിശോധിക്കുവാനും ഗുണനിലവാരം ഉറപ്പുവരുത്താനുമുള്ള എല്ലാ സംവിധാനങ്ങളുമുള്ള ലബോറട്ടറികളാണ് സംസ്ഥാനത്തുള്ളത്.

(ജി) ഉണ്ട്. സാമൂഹ്യ പ്രവർത്തകരുടേയും പൊതുജനസംഘടനകളുടേയും ആവശ്യപ്രകാരം ബോധവൽക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. പൊതുജനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഏതു് സമയത്തും ഇതിനായി നിയമിച്ചിരിക്കുന്ന പബ്ലിക് അനലിസ്റ്റുമാരുടെ സേവനം ആവശ്യപ്പെടാവുന്നതാണ്.

(എച്ച്) സംസ്ഥാനത്ത് ആഹാര സാധനങ്ങളിൽ മായം ചേർക്കുന്നത് ഫലപ്രദമായി തടയുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തുടനീളം അതിനുള്ള സംവിധാനം വളരെ ശക്തമായ രീതിയിൽ നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുമാരൻ : ഭക്ഷ്യ വസ്തുകളിൽ പ്രധാനമായും മായം ചേർക്കുന്നത് ഭക്ഷ്യ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങളിലാണ്. അത് സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നതിനേക്കാൾ കൂടുതൽ ഉത്തരവാദിത്വം ഉൽപ്പാദിപ്പിക്കുന്ന മേഖലയിലാണെന്നു മനസ്സിലാക്കി അങ്ങനെയുള്ള മേഖലകളിൽ മായം ചേർക്കലിനെതിരായ നടപടി സ്വീകരിക്കുന്നതിനും ഉദ്യോഗസ്ഥന്മാർ പ്രത്യേക പരിശോധന നടത്തുന്നതിനും ഉള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. വി. സി. കബീർ : ഇത് പരക്കെയുള്ള ഒരു പരാതി തന്നെയാണ്. യൂണിയൻ ഗവൺമെന്റിന്റെ സഹായംകൂടി ഇക്കാര്യത്തിൽ നമുക്ക് ആവശ്യമാണ്. ഉൽപ്പാദനം നടത്തുന്ന സ്ഥലങ്ങളിൽ അല്ലെങ്കിൽ സ്റ്റോക്ക് ചെയ്ത് വിതരണം നടത്തുന്ന സ്ഥലങ്ങളിൽ ശക്തമായ ഇടപെടലുകൾ ആവശ്യമാണെന്ന് ഗവൺമെന്റിന് ബോദ്ധ്യം വന്നിട്ടുണ്ട്. താഴെക്കിടയിലുള്ള കച്ചവടക്കാർ മാത്രമാണ് ഇതിന് ഉത്തരവാദികൾ എന്നു പറയാൻ സാധിക്കുകയില്ല.

ശ്രീ. പി. കെ. കുമാരൻ : പഴകിയ ഭക്ഷണ പദാർത്ഥങ്ങൾ ഹോട്ടലുകളിൽ ഉപയോഗിക്കുന്നതായി വ്യാപകമായ പരാതികൾ ഉണ്ട്. അത്തരം ഹോട്ടലുകളിൽ പരിശോധന നടത്താൻ ഉദ്യോഗസ്ഥന്മാർ വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല. അതിന്റെ ഫലമായിട്ടാണ് അത് വ്യാപകമായിട്ട് നടക്കുന്നത്. അതുകൊണ്ട് ഉദ്യോഗസ്ഥന്മാർക്ക് ആ നിലയിൽ കർക്കശമായ നിർദ്ദേശങ്ങൾ നൽകാനും അവരെ അതിനുവേണ്ടി നയിക്കാനും ഉള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. സി. കബീർ : രണ്ടു തലങ്ങളിലാണ് പരിശോധന നടത്തുന്നത്. മുനിസിപ്പൽ കോർപ്പറേഷനുകളിലെ ഫുഡ് ഇൻസ്പെക്ടർമാരും ഗ്രാമ തലങ്ങളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുമാണ് ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു നടത്തേണ്ടിവരുന്നത്. അവർ പരിശോധനകൾ നടത്തുന്നുണ്ട് ; ഭക്ഷ്യസാധനങ്ങൾ പിടിച്ചെടുക്കുന്നുണ്ട് ; ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട് ; പ്രോസിക്യൂഷൻ നടപടികൾ നടത്തുന്നുണ്ട്. മാത്രമല്ല ചീത്തയായ ഭക്ഷണ സാധനങ്ങൾ കൊടുക്കുന്നുണ്ടെന്നു പരാതിപ്പെട്ടാൽ പെട്ടെന്നുതന്നെ നടപടികൾ എടുക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ട്. മൊബൈൽ വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

ശ്രീ. എം. വി. ജയരാജൻ : ഇപ്പോഴുള്ള നിയമമനുസരിച്ച് ഭക്ഷണ പദാർത്ഥങ്ങളും അതുപോലെയുള്ള സാധനങ്ങളും വിൽപ്പന കേന്ദ്രങ്ങളിൽ നിന്നും പിടിച്ചുകഴിഞ്ഞാൽ കടക്കാരന് കൊടുക്കുന്ന ശിക്ഷയാണ് പരമാവധി ശിക്ഷ. അത് ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രത്തിലെ ഉടമയ്ക്ക് ശിക്ഷയൊന്നും ഉണ്ടാകുന്നില്ല. അയാളെ ശിക്ഷയിൽനിന്നും ഒഴിവാക്കിക്കൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് പായ്ക്കറ്റ് പാൽ യഥേഷ്ടം മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇങ്ങോട്ട് വരുകയാണ്. ദിവസങ്ങളും മാസങ്ങളും സൂക്ഷിക്കാൻ കഴിയുന്നനിലയിലുള്ള പാലാണ് ഇങ്ങോട്ട് വരുന്നത്. അതിൽ രാസ പദാർത്ഥങ്ങൾതന്നെ ചേർത്തിട്ടുണ്ട് എന്നാണ് പറയുന്നത്. അത് തട്ട് കടയിലാണ് വിൽക്കുന്നതെങ്കിൽ ആ കടക്കാരനാണ് ശിക്ഷിക്കപ്പെടുന്നത്.

അതിന്റെ ഉൽപ്പാദകരോ അതിവിടെ എത്തിക്കുന്ന ഏജൻസികളോ ആരുംതന്നെ ശിക്ഷിക്കപ്പെടുന്നില്ല. ഈ ന്യൂനത പരിഹരിക്കാൻ നിയമത്തിൽ ആവശ്യമായിട്ടുള്ള ഭേദഗതി വരുത്താൻ തയ്യാറാകുമോ ?

ശ്രീ. വി. സി. കബീർ : ഇവിടെ അദ്ദേഹം രണ്ടു ചോദ്യമാണ് ചോദിച്ചത്. താഴെക്കിടയിലുള്ളവരെ ശിക്ഷിക്കുന്നു ; സംഭരിക്കുന്നവരെയോ വിതരണം ചെയ്യുന്നവരെയോ ശിക്ഷിക്കുന്നില്ല എന്നുള്ളത് അദ്ദേഹം പറയുകയുണ്ടായി. അതിന് ചില തിരുത്തലുകൾ ആവശ്യമാണ്. കേന്ദ്ര ഗവൺമെന്റിൽ അക്കാര്യത്തിന് സഹായം തേടിയിട്ടുണ്ട്. പാൽ പരിശോധിക്കുന്നതിന് ഏർപ്പാടുകൾ ചെയ്തു. സമീപ കാലങ്ങളിൽ വെളിയിൽ നിന്നും വരുന്ന പാൽ പരിശോധിക്കുകയുണ്ടായി. പരിശോധിച്ച് പരിശോധിച്ച് വരുമ്പോൾ കേരളത്തിലെ ചില പൊതുമേഖലാ സ്ഥാപനങ്ങളെ തൊടേണ്ട സാഹചര്യം വന്നിട്ടുണ്ട്. ഏതായാലും അവർക്കാവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. നല്ല പാൽ കേരളത്തിൽ വിതരണം ചെയ്യണം എന്നുള്ള കാര്യത്തിൽ ആരോഗ്യവകുപ്പിന് നിഷ്ക്കർഷയുണ്ട്.

ശ്രീ. എം. വി. ജയരാജൻ : വെളിച്ചെണ്ണയിൽ ലികിഡ് പാരഫിൻ എന്ന പെട്രോളിയം ഉൽപ്പന്നംപോലും ചേർത്ത്, മായം ചേർത്ത് വിൽപ്പന നടത്തുന്ന സ്ഥിതിവിശേഷമാണ്. ഇപ്പോൾ വെളിച്ചെണ്ണയ്ക്ക് ഗണ്യമായി വില കുറഞ്ഞപ്പോൾ അതിന്റെ ആവശ്യംപോലും ഉണ്ടെന്നു തോന്നുന്നില്ല, ഇത്തരത്തിൽ മായം ചേർത്ത് വില്പന നടത്തുന്ന അനുഭവം ഒട്ടേറെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അത് കർശനമായി തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. സി. കബീർ : വെളിച്ചെണ്ണയിൽ മായം ചേർക്കുന്ന കേസ് സമീപകാലത്തൊന്നും ഉണ്ടായിട്ടില്ല. അദ്ദേഹം തന്നെ സൂചിപ്പിച്ചു, വെളിച്ചെണ്ണയുടെ സ്ഥിതി നമുക്ക് അറിയാമല്ലോ. അതുകൊണ്ട് അതിൽ മായം ചേർത്താലും ലാഭം കിട്ടാൻ പോകുന്നില്ല. അങ്ങനെ ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. അത്തരം കാര്യങ്ങളിൽ പ്രോസിക്യൂഷൻ നടത്തിയിട്ടുമുണ്ട്.

ശ്രീ. എളമരം കരീം : ഭക്ഷ്യവസ്തുക്കളെപ്പോലെതന്നെ കുടിവെള്ളത്തിൽ വ്യാപകമായി മായം കലരുന്നുണ്ടെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ട്. ഈ അടുത്ത ദിവസം നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി ചില കമ്പനികളുടെ മിനറൽ വാട്ടറിന്റെ സാമ്പിളുകൾ പരിശോധിച്ചപ്പോൾ അതിൽ മിനറൽ കണ്ടന്റുകളും പ്രിസ്ക്രൈബ് ചെയ്തിട്ടുള്ള മറ്റ് അംശങ്ങളും ഇല്ല എന്നു കണ്ടിട്ടുണ്ട്. ഈ സംഗതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. വി. സി. കബീർ : വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. സമീപകാലത്തായി മിനറൽ വാട്ടറിനോടുള്ള ആസക്തി കേരളത്തിൽ വർദ്ധിച്ചുവരികയാണ്. മറ്റേതു സംസ്ഥാനത്തേക്കാളും ആളുകൾ മിനറൽ വാട്ടർ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. അത് കൺസ്യൂം ചെയ്യാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

കപ്പാസിറ്റിയുണ്ടോ എന്നുള്ള കാര്യം വേറെ. എന്തായാലും അതിന്റെ ക്വാളിറ്റിയെ സംബന്ധിച്ച് സംശയംവന്നിട്ടുണ്ട് ; കേസുകൾ എടുത്തുതുടങ്ങിയിട്ടുണ്ട്. എല്ലാ കൊല്ലവും കേസ്സിന്റെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇപ്പോഴും മിനറൽ വാട്ടറിനെ സംബന്ധിച്ച് 31 കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്. യാതൊരു കാരണവശാലും ക്വാളിറ്റിയില്ലാത്ത, പ്യൂരിഫൈ ചെയ്യാത്ത മിനറൽ വാട്ടർ കേരളത്തിൽ വിതരണം ചെയ്യാൻ സാധിക്കുകയില്ലെന്ന നിലപാടാണ് ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എളമരം കരീം : കേരളത്തിലെ അച്ചാർ നിർമ്മാതാക്കൾ നേരിടുന്ന ഒരു പ്രശ്നമുണ്ട്. കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമമനുസരിച്ച് അച്ചാറുകളിൽ ഒരു നിശ്ചിത എണ്ണ വേണമെന്ന് നിർബന്ധിക്കുന്നുണ്ട്. കേരളത്തിലെ ഉപഭോക്താക്കൾക്ക് അത് തീരെ താൽപര്യമില്ലാത്തതുകൊണ്ട് വിൽപ്പന നടത്താൻ എണ്ണ കുറച്ച് ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണെന്ന ഒരു വ്യവസ്ഥയുണ്ട്. ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെങ്കിലും പരിഹാരം കാണാൻ സാധിക്കുമോ ?

ശ്രീ. വി. സി. കബീർ : കേരളത്തിൽ അച്ചാറുകളിൽ എണ്ണ കുറച്ച് ഉപയോഗിക്കുന്നതാണ് മലയാളികളുടെ ശീലം. പക്ഷേ വടക്കേ ഇന്ത്യയിൽനിന്നും വരുന്ന അച്ചാറുകുപ്പികളിൽ എണ്ണയുടെ അംശം കൂടുതൽ കാണുന്നുണ്ട്. ആ എണ്ണയാണെങ്കിൽ മലയാളികൾക്ക് ഇഷ്ടമുള്ളതുമല്ല. ഈ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ ഭേദഗതികൾ വരുത്തുന്നതിന്, കേരളത്തിൽ വരുന്ന അച്ചാറുകൾ എണ്ണ കുറച്ച് നല്ല നിലയിൽ വിതരണം ചെയ്യണമെന്നുള്ള ഒരു ശുപാർശ ഇന്ത്യാഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടു വന്നിട്ടുണ്ട്.

ശ്രീ. സി. പി. ബാലൻ വൈദ്യർ : അച്ചാറുകളെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ, കേരളത്തിൽ നിർമ്മിക്കുന്ന അച്ചാറുകളിൽ കേരളത്തിലെ ഉപഭോക്താക്കളുടെ താൽപര്യം കണക്കിലെടുത്ത് എണ്ണ കൂടുതൽ ഉപയോഗിക്കാത്തതിന്റെ ഫലമായി അത് മായം ചേർക്കുന്നു എന്ന പേരിൽ കേസെടുത്തതായി ധാരാളം പരാതികളുണ്ട്. കേരളത്തിലെ ഉപഭോക്താക്കൾക്ക് അന്യസംസ്ഥാനക്കാരെപ്പോലെ കൂടുതൽ എണ്ണ ഉപയോഗിക്കുന്നതിൽ താൽപര്യമില്ല. ഈ വസ്തുത കണക്കിലെടുത്ത് ഇവർ എണ്ണ വേണ്ടത്ര ഉപയോഗിച്ചില്ല എന്നതുകൊണ്ട് മായം ചേർത്തതായി എടുക്കുന്ന കേസുകൾ സംബന്ധിച്ച് പുനഃപരിശോധന നടത്താനും ഇത്തരത്തിൽ കേരളത്തിൽ വിതരണം നടത്താൻ സുരക്ഷിതത്വമുണ്ടാക്കാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. സി. കബീർ : കേരളത്തിലെ ആളുകളുടെ താൽപര്യമനുസരിച്ച് ഇറക്കുന്ന അച്ചാറുകളിലെ ക്വാളിറ്റിയെ സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ഇവിടത്തെ പ്രോഡക്ടുകൾക്ക് മുൻതൂക്കം കൊടുക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. ബാലൻ വൈദ്യർ : ഇതുപോലെ മായം ചേർക്കുന്നതിൽ അപകടമുള്ള ഒന്നാണ് മൽസ്യം ചീത്തയാകാതെയിരിക്കാൻ അമോണിയം പോലെയുള്ള മാരകമായ വസ്തുക്കൾ ചേർക്കുന്നത്. ഇങ്ങനെയുള്ള പരാതികൾ വ്യാപകമായി കേൾക്കുന്നുണ്ട്. അത് ഉണ്ടോ ഇല്ലയോ എന്നു പരിശോധിക്കാനും ഉണ്ടെങ്കിൽ അത് ചേർക്കുകയും വിൽക്കുകയും ചെയ്യുന്ന ആളുകൾക്കെതിരെ കർശനമായ നടപടിയെടുക്കാനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. സി. കബീർ : അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ ഒന്നു രണ്ടു സാമ്പിൾ കേസുകൾ തന്നാൽ തീർച്ചയായും കയ്യോടെ പിടികൂടി നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു : മായം ചേർക്കൽ നിരോധന നിയമത്തിൽ ശിക്ഷിക്കപ്പെടുന്നത് എപ്പോഴും താഴെക്കിടയിലുള്ള കച്ചവടക്കാരാണ്. കേരളത്തിലെ വ്യാപാരി വ്യവസായികൾ എപ്പോഴും ഉന്നയിച്ചുവരുന്ന ഒരു പ്രശ്നമാണിത്. യഥാർത്ഥ പ്രൊഡ്യൂസറെയല്ല ശിക്ഷിക്കുന്നത്. ഇക്കാര്യത്തിൽ വ്യാപാരി-വ്യവസായികളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ശ്രീ. വി. സി. കബീർ : വ്യാപാരി-വ്യവസായികളുടെ നിവേദനം ലഭിച്ചിരുന്നു. ഈ പറഞ്ഞ കാര്യം ശരിയാണ്. അത് സംഭരിക്കുന്ന സ്ഥലത്തും പായ്ക്ക് ചെയ്ത് വിതരണം ചെയ്യുന്ന സ്ഥലത്തും മായം ചേർക്കൽ നടക്കുന്നുണ്ട്. സ്വാഭാവികമായും കേരളത്തെ സംബന്ധിച്ചിടത്തോളം താഴെക്കിടയിലുള്ള കച്ചവടക്കാർ മുഴുവൻ നിരപാധികളാണെന്ന് ഞാൻ പറയുന്നില്ലെങ്കിലും സാമാന്യേന ശിക്ഷിക്കപ്പെടുന്നത് ചെറുകിട കച്ചവടക്കാരും നാട്ടിൻപുറത്തുള്ള കച്ചവടക്കാരുമാണ്. അതുകൊണ്ട് സംഭരിക്കുന്നിടത്തും വിതരണം ചെയ്യുന്നിടത്തും തുല്യമായ ഉത്തരവാദിത്വം നൽകിക്കൊണ്ടു തന്നെ കേരളത്തിൽ ഇത്തരം കുറ്റം ചെയ്യുന്ന ആളുകളുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇന്ത്യാ-ഗവൺമെന്റ് കൂടി ഇക്കാര്യത്തിൽ കൂടുതൽ താൽപര്യം കാണിക്കാറുണ്ടെന്നാണ് ബോദ്ധ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. പി. വിശ്വൻ : മായം ചേർക്കൽ അനുസ്യൂതം തുടരുകയാണ്. അത് ശാസ്ത്രീയമായി മാറിക്കൊണ്ടിരിക്കുകയാണ്. ഉൽപ്പാദനരംഗത്തുതന്നെ, പച്ചക്കറി ഉൽപ്പാദനരംഗത്ത് അതിന്റെ കളർ മാറ്റാൻ, തൂക്കം കൂട്ടാൻ, പഴവർഗ്ഗങ്ങളുണ്ടാക്കുന്നതിൽ മായം ചേർക്കുന്നത് ഒക്കെത്തന്നെ നിലവിലുള്ള കേന്ദ്ര ആക്ട് അതിനെ തടയാൻ പറ്റാത്ത രൂപത്തിലേക്ക് മാറിയിരിക്കുന്നു. കേരളത്തിന് ഇതിൽ എത്രത്തോളം ഇടപെടാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് എനിക്കറിയില്ല. കേരളത്തിൽ നിലവിലുള്ള ആക്ടിൽ ഈ മാറ്റത്തിനനുസരിച്ച് ഭേദഗതിവരുത്തി കേരള സർക്കാരിന് പുതിയ ആക്ട് കൊണ്ടുവരാനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : ഇതിനെസംബന്ധിച്ച് നേരത്തെ ശ്രീ. ബാബു സൂചിപ്പിച്ചതുപോലെ വ്യാപാരികളുമായി സംസാരിക്കുകയും അവരുടെകൂടി മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യാഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രി ഇവിടെ വന്ന് പ്രത്യേകമായ മേഖലാസമ്മേളനം നടത്തിയപ്പോൾ ഇത് കേരളത്തിന്റെ ഒരാവശ്യമായിരുന്നു. ഈ ആക്ട് ഭേദഗതി ചെയ്യണമെന്ന് ശക്തമായി കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ചെർക്കളം അബ്ദുള്ള : മായം ചേർക്കൽ നിരോധന നിയമത്തിലുള്ള അനോമലി സംബന്ധിച്ച് ഇവിടെ പലപ്പോഴായി പറഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് എന്നു പറയുന്നതല്ലാതെ അതുസംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു, അല്ലെങ്കിൽ കേന്ദ്രഗവൺമെന്റ് ഇതുസംബന്ധിച്ച് കേരള ഗവൺമെന്റിന് എഴുതിയിട്ടുള്ള മറുപടി എന്താണ് എന്നുള്ളത് ഇതുവരെ വ്യക്തമാക്കപ്പെട്ടിട്ടില്ല. ഒരുപാട് വർഷങ്ങളായി നിയമസഭയിൽ ഉയർന്നുകേൾക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. ഇവിടേയും ഇന്നു രാവിലെ മുതൽ നാലുചോദ്യങ്ങൾ ഇതുസംബന്ധിച്ചായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു എല്ലാവരും കുറ്റക്കാരല്ലെന്ന്. സാധാരണ മാനുഫാക്ച്ചറേഴ്സാണ് ഉത്തരവാദി, അല്ലാതെ സാധാരണ കച്ചവടക്കാരല്ലെന്നുള്ളത് വളരെ വ്യക്തമാണ്. ആ സ്ഥിതിക്ക് ഇത് സംബന്ധിച്ച് കേരളത്തിൽ വല്ല റൂളും ഉണ്ടാക്കാൻ അധികാരമുണ്ടോ എന്നുള്ളതും സംബന്ധിച്ച് പരിശോധിക്കാൻ തയ്യാറാകുമോ ?

ശ്രീ. വി. സി. കബീർ : ഞാൻ നേരത്തെ പറഞ്ഞു, കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ കേരളത്തോട് പ്രത്യേകമായ ഒരു ഔദാര്യം കാണിച്ചിട്ടുണ്ട്. നമ്മുടെ നിർബന്ധത്തിന്റെയടിസ്ഥാനത്തിൽ ഡൽഹിയിൽത്തന്നെ ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടുകയും കേരളത്തിലെ ആരോഗ്യ വകുപ്പു സെക്രട്ടറികൂടി മെമ്പറായി ഒരു പ്രത്യേകകമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞോ എന്ന് എനിക്ക് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ഏതായാലും നടപടി സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്.

ശ്രീ. സത്യൻ മൊകേരി : ധാരാളം പാൽ സംസ്ഥാനത്തിന് വെളിയിൽനിന്ന് വരുന്നുണ്ട്. അത് ഗുണമേന്മ വളരെ കുറഞ്ഞതാണ്. അതിനകത്ത് മായം ചേർക്കുന്നതുൾപ്പെടെയുള്ള സംഭവങ്ങൾ ഉള്ളതായി പത്രവാർത്തവന്നിട്ടുണ്ട്. ഇതിനകംതന്നെ ചില പരിശോധനകൾ നടത്തി റിപ്പോർട്ടുകൾ നൽകിയതായി മനസ്സിലാക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ ഗുണമേന്മ കുറഞ്ഞ പാൽ വിൽക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ ; മായം ചേർക്കുന്നതിനെതിരെ കർശനമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. സി. കബീർ : വെളിയിൽനിന്നും വരുന്ന പാലിൽ മായം ചേർക്കുന്നതായി പരാതികൾ വരികയും ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ട അന്നുതന്നെ പലയിടത്തും സർപ്രൈസായി സാമ്പിളെടുത്ത്

പരിശോധന നടത്തി ചില കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കമ്പനികളുടെ പേര് പറയണ്ട; ചില ആളുകളെ ശിക്ഷിച്ചിട്ടുണ്ട്. യാതൊരു കാരണവശാലും കാളിറ്റിയില്ലാത്ത പാൽ കേരളത്തിൽ വിതരണം ചെയ്യാൻ ആരോഗ്യ വകുപ്പ് സമ്മതിക്കുകയില്ല.

പ്രൊഫ: എ. വി. താമരാക്ഷൻ: സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ തെങ്ങിൻകള്ള് എന്നു പറഞ്ഞ് വ്യാജക്കള്ളാണ് വിൽക്കുന്നത്. തെങ്ങിൻകള്ള് എന്ന പേരിൽ കൃത്രിമ കള്ളുണ്ടാക്കുന്നു. ഈ മായം ചേർക്കൽ നടപടി സംബന്ധിച്ച് അങ്ങയുടെ ഡിപ്പാർട്ടുമെന്റ് വല്ല പരിശോധനയും നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസുകളാണ് എടുത്തിട്ടുള്ളതെന്നു വ്യക്തമാക്കാമോ ?

ശ്രീ. വി. സി. കബീർ: വല്ലാത്ത ഒരു ചോദ്യമാണ്. കള്ളും കബീറുമായിട്ട് ഒരു ബന്ധവുമില്ല. എന്നാലും ചോദ്യം പ്രസക്തമാണ്. കള്ള് കുടിക്കുന്നവർക്ക് നല്ല കള്ള് കൊടുക്കണമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷേ എക്സൈസ് ഡിപ്പാർട്ട്മെന്റിന് അതിന് സംവിധാനം ഉണ്ടെന്നാണ് മനസ്സിലാക്കുന്നത്. ആരോഗ്യവകുപ്പ് കള്ള് പരിശോധിച്ചുതുടങ്ങിയിട്ടില്ല. അങ്ങനെയുള്ള ഒരു സാഹചര്യം വന്നിട്ടില്ല. ഏതായാലും ഞാൻ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ആ കാര്യം അറിയിക്കാം.

ശ്രീ. എ. കണാരൻ: മായം ചേർക്കൽ രണ്ട് തരത്തിൽ വരുന്നുണ്ട്. ഒന്ന് ഉൽപ്പാദനകേന്ദ്രത്തിൽവച്ച് മായം ചേർക്കുന്നു, മറ്റൊന്ന് വിതരണ കേന്ദ്രത്തിൽ വച്ച് മായം ചേർക്കുന്നു. വിതരണകേന്ദ്രത്തിൽവച്ച് മായം ചേർക്കുന്നതിന്റെ ഫലമായിട്ടാണ് അറസ്റ്റും ശിക്ഷയുമൊക്കെ വന്നുകൊണ്ടിരിക്കുന്നത്. പാലിൽ മായം ചേർക്കുന്നത് വെള്ളം ചേർക്കലാണ്. വെള്ളമെന്നു പറയുന്നത് വലിയ മായം അല്ല; പാലിന്റെ അളവ് വർദ്ധിപ്പിക്കാൻവേണ്ടി കുറച്ച് വെള്ളം ചേർക്കുന്നതാണ്. പാൽ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്തുവച്ചുതന്നെ വെള്ളം ചേർത്തുകൊണ്ടുവരുമ്പോൾ ശിക്ഷയ്ക്ക് വിധേയമാകുന്നത് ചായക്കച്ചവടക്കാരനാണ്. ഇതിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. സി. കബീർ: ഞാൻ നേരത്തെതന്നെ പറഞ്ഞു, പാലിൽ വെള്ളം ചേർക്കുന്നതാണ് കാര്യമായി മായം ചേർക്കൽ കേസുകളായി വന്ന് കൊണ്ടിരിക്കുന്നത്. ഗ്രാമപ്രദേശങ്ങളിലും ഹെൽത്ത് ഇൻസ്പെക്ടർമാർ പാൽ കൊണ്ടുപോകുമ്പോൾത്തന്നെ പിടിച്ചെടുത്ത് പരിശോധന നടത്തുന്നുണ്ട്. അങ്ങനെയുള്ള ധാരാളം കേസുകളുണ്ട്. ശക്തമായ ശിക്ഷ അവർക്ക് കിട്ടുന്നുമുണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട കരീം ഇവിടെ ചോദിച്ച ചോദ്യം നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുടെ മിനറൽ വാട്ടറിനെക്കുറിച്ചുള്ള റിപ്പോർട്ടിനെ സംബന്ധിച്ചാണ്. സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിനകത്ത് ഇപ്പോൾ മിനറൽ വാട്ടർ വിതരണം ചെയ്യുന്നതിൽ യാതൊരു നിയന്ത്രണവും കേരളത്തിൽ ഇല്ല; പരിശോധിക്കാൻ ശക്തമായ സംവിധാനവുമില്ല; ആർക്ക് വേണമെങ്കിലും എവിടേയും തുടങ്ങാവുന്ന ഒരു സംഭവമായി മിനറൽ വാട്ടർ വ്യവസായം മാറിക്കഴിഞ്ഞിരിക്കുകയാണ് എന്നു പറഞ്ഞിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിനുപുറത്തുള്ള നിരവധി ഏജൻസികളുടെ ഭാഗമായിട്ടും മിനറൽ വാട്ടർ വന്നുകൊണ്ടിരിക്കുകയാണ്. ഇത് ഗുണനിലവാരമില്ലാത്തതാണ്. കമ്മിറ്റി പരിശോധിച്ച നാലഞ്ചു കമ്പനികളുടെ മിനറൽ വാട്ടറിൽ ഇക്കോളജി ബാക്ടീരിയ കൂടുതലാണെന്നു കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. വി. സി. കബീർ : മിനറൽ വാട്ടറിനെ സംബന്ധിച്ച് ഏതാണ്ട് 630-ഓളം കേസുകൾ കേരളത്തിൽ കഴിഞ്ഞ കാലങ്ങളിൽ എടുത്തിട്ടുണ്ട്. അതിൽ 31-ഓളം കേസുകളിൽ ശിക്ഷിച്ചിട്ടുണ്ട്. ഇനിയും അത് തുടരുകയും വേണ്ടിവന്നാൽ അവസാനം ആ കമ്പനികളെ ബാൻ ചെയ്യുന്ന സ്ഥിതിയിലേക്ക് വരികയും ചെയ്യും. ശക്തമായ താക്കീതുകളും ശിക്ഷയും അവർക്ക് നൽകിയിട്ടുണ്ട്. അതിൽ ഒരു വിട്ടുവീഴ്ചയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാവുകയില്ല.

ശ്രീ. പി. രാഘവൻ : പാലിൽ മായം ചേർക്കുന്നതുസംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പാലിൽ മായം ചേർക്കുന്നത് കണ്ടുപിടിക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. പാലക്കാട് ജില്ലാ പഞ്ചായത്ത് ഇതിനുവേണ്ടി ഒരു ലാബോറട്ടറി സ്ഥാപിച്ച് അത് കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ ഗവൺമെന്റിന്റെ അംഗീകാരമില്ലാത്തതുകൊണ്ട് അവർക്ക് കേസെടുക്കാൻ സാധിക്കുന്നില്ല. ആ ജില്ലാപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് അംഗീകാരം കൊടുക്കുകയും അതുപോലെ തന്നെ അതിന് മുന്നോട്ടുവരുന്ന എല്ലാ ജില്ലാപഞ്ചായത്തുകൾക്കും ആവശ്യമായിട്ടുള്ള അംഗീകാരം കൊടുക്കുകയും ചെയ്താൽ പാലിൽ മായം ചേർക്കുന്നത് ഒരു പരിധിവരെ തടയാൻ സാധിക്കും. അതിനെസംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുമോ ?

ശ്രീ. വി. സി. കബീർ : ജില്ലകളിൽനിന്ന് അങ്ങനെയൊരു അപേക്ഷ എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. ഏതായാലും സംസ്ഥാനത്ത് ഇപ്പോൾ അംഗീകരിച്ചിട്ടുള്ള, ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള മൂന്ന് ലാബുകൾ തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്നുണ്ട്. പുതിയ അപേക്ഷകൾ വന്നാൽ, അതിന് ചില കണ്ടീഷൻസൊക്കെയുണ്ട്, അതനുസരിച്ച് പരിശോധിച്ച് മറുപടി പറയാം.

ശ്രീ. കെ. എ. ചന്ദ്രൻ : ഭക്ഷ്യവസ്തുക്കളിൽ അതിപ്രധാനമായിട്ടുള്ള ഒന്നാണ് പഴം-പച്ചക്കറികൾ. ഇന്ന് അങ്ങാടിയിലെത്തുന്ന പഴങ്ങൾ, പ്രത്യേകിച്ച് മുന്തിരിയിലൊക്കെ വളരെയേറെ വിഷാംശമടങ്ങിയ വസ്തുക്കൾ അടിച്ചിട്ടുണ്ട്. അതുപോലെ ചീര തുടങ്ങിയവയിലൊക്കെ കീടനാശിനികളുടെ പ്രയോഗംകൊണ്ട് അമിതമായ വിഷം കലർന്നിട്ടുണ്ട്. ഇത് പരിശോധിക്കാനോ നിയന്ത്രിക്കാനോ ഇന്ന് വല്ല സംവിധാനവുമുണ്ടോ ; അതൊന്നു വിശദീകരിക്കാമോ ?

ശ്രീ. വി. സി. കബീർ : ഇത് ശ്രദ്ധയിൽപ്പെടേണ്ട കാര്യമാണെന്ന് ഗവൺമെന്റിന് തോന്നിയിട്ടുണ്ട്. ഇപ്പോൾ അങ്ങനെ പരാതിയില്ലെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

സംഭവം സത്യമാണെന്ന് ഗവൺമെന്റിന് ബോദ്ധ്യം വന്നിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ആരോഗ്യവകുപ്പുതന്നെ സുവോമോട്ടോ മുൻകൈയെടുത്ത് പരിശോധന നടത്തുന്നുണ്ട്.

ശ്രീ. എം. പി. വർഗ്ഗീസ് : മായം ചേർക്കലിന് വിധേയമായിട്ടെടുക്കുന്ന കേസ്സുകളിൽ പലപ്പോഴും നിരപരാധികളാണ് ശിക്ഷിക്കപ്പെടാറുള്ളത്, പ്രത്യേകിച്ച് നമ്മുടെ പാൽ ഉല്പാദക സഹകരണ സംഘങ്ങളിൽ നിന്നും പാൽ എടുത്തുകൊണ്ട് പോയാൽ അവർ ശിക്ഷിക്കുന്നത് സെക്രട്ടറിമാരെയാണ് . അത്തരത്തിലുള്ള പല കേസ്സുകളും കേരളത്തിൽ പലപ്പോഴും ഉണ്ടായിട്ടുണ്ട്. അത്തരത്തിലൊരു നടപടി ഉണ്ടാകാതിരിക്കാനാവശ്യമായ ഒരു സമീപനം എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. വി. സി. കബീർ : മായം ചേർക്കലിനെതിരെ ശക്തമായ നടപടി ആവശ്യമാണെന്ന് പറയുകയും ചിലരെ പ്രത്യേകിച്ച് രക്ഷപ്പെടുത്തുകയും ചെയ്യണമെന്ന് പറയുന്നത് രണ്ടുംകൂടി നടക്കുകയില്ല. എല്ലാവരും ശ്രദ്ധിച്ച് വെള്ളം ചേർക്കാതെയും മായം ചേർക്കാതെയും ഒക്കെയുള്ള ഒരു സാഹചര്യം കേരളത്തിൽ ഉണ്ടാക്കണം. അതിനാവശ്യമായ ചില നടപടികൾ ഉണ്ടായേ പറ്റൂ. ചിലപ്പോൾ സെക്രട്ടറി നിരപരാധിയായിരിക്കും. എന്നാലും ഈ പ്രവണത കേരളത്തിൽ അവസാനിപ്പിക്കണം. അതിനുവേണ്ടിയാണ് ആരോഗ്യവകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. നാരായണക്കുറുപ്പ് : മായം ചേർക്കരുത് എന്നുള്ള നിയമത്തിൽപ്പോലും മായം ചേർക്കുന്ന ഒരേർപ്പാടാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. 'സ്മോക്കിംഗ് ഈസ് ഇൻജൂറിയസ് ടു ഹെൽത്ത്' എന്ന് എഴുതിയിട്ട് അതിന്റെ അറ്റത്ത് തീ കൊളുത്തിക്കൊള്ളാൻ അനുവദിക്കുന്ന ഈ രാജ്യത്ത് ഒന്നും ശരിയായി തടയാൻ കഴിയുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഗവൺമെന്റ്, 'സ്മോക്കിംഗ് ഈസ് ഇൻജൂറിയസ് ടു ഹെൽത്ത്' ആണെങ്കിൽ സ്മോക്ക് ചെയ്യാൻ പാടില്ലാത്തസാധനം ഒരുക്കുകയല്ലേ വേണ്ടത് ? ആ നിയമം കൊണ്ടല്ലാതെ രാജ്യത്ത് എന്തെങ്കിലും ശരിയായി നടക്കുമോ ? അവിടെ പാമ്പ് ഉണ്ട്, നടക്കുമ്പോൾ സൂക്ഷിക്കണമെന്നു പറഞ്ഞാൽ പാമ്പ് കടിക്കാതിരിക്കില്ല, നാം അതിലേ പോകും. പാമ്പ് കടിക്കുകയും ചെയ്യും. അതുകൊണ്ട്, ഉള്ള നിയമം വ്യക്തമായി അറിയിക്കുകയും ജനങ്ങളെ അത് ബോദ്ധ്യപ്പെടുത്തുകയും ചെയ്യണം. ഇന്ന് സിനിമയിലൊക്കെ കാണുന്ന പരസ്യം, രണ്ട് കാലും രണ്ട് കൈയും ഒടിഞ്ഞ കുട്ടി ഓടി പോകുന്നു ഒരു ഗുളിക കഴിച്ചപ്പോൾ. അങ്ങനെ പരസ്യത്തിനുപ്പോലും കാശ് മേടിച്ച് ഈ രാജ്യത്ത് ആളുകളെ തെറ്റിദ്ധരിപ്പിക്കുമ്പോൾ എന്ത് മായമാണ് സർ ? ഇത് വെറും മറിമായമാണ്.

ശ്രീ. വി. സി. കബീർ : മറുപടി പറയണമോ ?

മി. സ്പീക്കർ : അത് മറുപടി പറയാൻവേണ്ടി ചോദിച്ചതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സി. കബീർ : മറുപടി പറയാം. ടി.വിയിലും പത്രങ്ങളിലും മരുന്നുകളെ സംബന്ധിച്ച് നടത്തുന്ന വ്യാജപ്രചരണങ്ങളെ അതിശക്തമായി ആരോഗ്യവകുപ്പ് തടസ്സപ്പെടുത്തിയിട്ടുണ്ട്; അതിൽ ഇടപെടുന്നുണ്ട്. അങ്ങനെ പരസ്യപ്പെടുത്തുന്ന കമ്പനികളുടെ പേരിൽ നടപടികളും സ്വീകരിച്ച് കൊണ്ടിരിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ : മായം ചേർക്കുന്നത് തടയാൻ പ്രാദേശികമായി കുഴപ്പങ്ങളുള്ള സ്ഥലത്ത് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി ഉദ്യോഗസ്ഥൻമാരുടെ ഇടപെടൽ മാത്രമല്ല ജനങ്ങളുടെ പങ്കാളിത്തംകൂടി ഉറപ്പാക്കാൻ ഇപ്പോൾ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത് ? ലോക്കൽ ബോഡീസിന് ഇത് സംബന്ധിച്ച് എന്തെങ്കിലും ചുമതല നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. സി. കബീർ : നമ്മുടെ പ്രാദേശികതലങ്ങളിലെ ഉദ്യോഗസ്ഥൻമാരെക്കൂടാതെ സ്കൂളുകളിൽ സാമൂഹ്യപ്രവർത്തകരുടേയും പൊതുജനങ്ങളുടെയും സംഘാടകരുടേയും ഉപാതുജന സംഘടനകളുടേയും അഭിപ്രായം ആരോഗ്യ വകുപ്പ് ഇക്കാര്യത്തിൽ തേടാറുണ്ട്. സ്കൂളുകളിൽ ഇതുസംബന്ധിച്ച് ക്ലാസ്സുകൾ എടുക്കാറുണ്ട്. പബ്ലിക് അനലിസ്റ്റിന്റെ സഹായം പ്രചരണത്തിനുവേണ്ടി ഉപയോഗപ്പെടുത്താറുണ്ട്. ജനങ്ങളെ ബോധവല്ക്കരിക്കുന്നതിനുവേണ്ടി ഉത്സവസ്ഥലങ്ങളിലെല്ലാം ക്യാമ്പയ്നുകളും നടത്താറുണ്ട്.

കന്നുകുട്ടി പരിപാലന പദ്ധതി

3 (*288) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കന്നുകുട്ടി പരിപാലനത്തിനുവേണ്ടി എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം കന്നുകുട്ടികളുടെ പരിപാലനത്തിന് കന്നുകാലി ഉടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുന്നുണ്ടോ ;

(ഡി) ഈ പദ്ധതി പ്രകാരം 31-1-2001 വരെ എത്ര കന്നുകുട്ടികളെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly